നാടക സാങ്കേതിക പണിപ്പുര സഞ്ചരിക്കുന്ന നാടകം, ഫെറിറ്റേജ് സംരക്ഷ ണത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട ചിത്രകാരൻമാരുടെ കലാ സൃഷ്ടികളുടെ ഡോക്യുമെന്റേഷൻ,ഏറ്റവും നവീനമായ ആർട്ട് ഗ്യാലറിയുടെ സജ്ജീകരണം, സാസ്ക്കാരിക പൈതൃക വസ്തുക്കൾ ശേഖരിച്ച് നിലവിലുണ്ടായിരുന്ന പ്രദർശനാലയങ്ങൾ നവീകരിക്കുകയും, വിപുലീകരിക്കുകയും ചെയ്ക. പുരാ വസ്തു വിഷയങ്ങളിൽ പരിശീലനം നൽകുന്നതിന് ഒരു സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക സംരക്ഷിത സ്മാരകങ്ങളെ സംബന്ധിച്ച എല്ലാ വിവരങ്ങളും ചേർത്ത് ഒരു വെബ് സൈറ്റ് തയ്യാറാക്കൽ, കൊച്ചി രാജാവിന്റെ കിരീടവും മറ്റാഭരണങ്ങളും പൊതുജനങ്ങൾക്കായി പ്രദർശിപ്പിക്കുന്നതിന് നടപടി, കലാ മണ്ഡലം ഒരു കല്പിത സർവ്വകലാശാലയാക്കുവാൻ വേണ്ട നടപടി തുടങ്ങി അനേകം പരിപാടികൾക്ക് സാംസ്ക്കാരിക നയത്തിന്റെ അടിസ്ഥാനത്തിൽ രൂപം നൽകിയിട്ടുണ്ട്.

120 (644) സി-ഡിറ്റിലെ നിയമനങ്ങൾ

ശ്രീ. പി.ജെ. ജോയി :

ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ സി-ഡിറ്റിൽ ഇതു വരെ എത്ര നിയമനങ്ങൾ നട ത്തുകയുണ്ടായി;

(ബി) സയന്റിസ്റ്റ് ആയി ഇവിടെ നിയമിക്കപ്പെട്ടവരുടെ കൂട്ടത്തിൽ പ്രീഡിഗ്രി യോഗ്യത മാത്രം ഉള്ള വ്യക്തിയും ഉൾപ്പെടുന്നുണ്ടോ; എങ്കിൽ ഇദ്ദേഹം ചെയ്യുന്ന ജോലിയുടെ സ്വഭാവം വ്യക്തമാക്കാമോ;

(സി) പ്രസ്തുത വ്യക്തിക്ക് നൽകുന്ന ശമ്പളമെത്രയാണ്;

(ഡി)ഈ സ്ഥാപനത്തിൽ ഈ കാലഘട്ടത്തിൽ എത്ര പേരെ ഡെപ്യൂ ട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്;

(ഇ) പോലീസ് വകുപ്പിൽ നിന്നും ഒരാളെ ഡെപ്യൂട്ടേഷനിൽ അവിടെ നിയമിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത വ്യക്തി പോലീസ് വകുപ്പിൽ ഏതു തസ്തികയിൽ ജോലി ചെയ്തിരുന്നുവെന്നും അവിടെ ലഭിച്ചിരുന്ന ശമ്പളം എത്രയായിരുന്നുവെന്നും വെളിപ്പെടുത്തുമോ;

(ജി) ഇദ്ദേഹത്തിന് സി-ഡിറ്റിൽ നല്കുന്ന ശമ്പളം എത്രയാണ്?

ഉത്തരം

(എ) രണ്ട് തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

(ബി) പ്രീഡിഗ്രി യോഗ്യത അടിസ്ഥാനമാക്കി നിയമനം നടത്തിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) സി-ഡിറ്റിൽ ഈ കാലയളവിൽ മൂന്നുപേരെ ഡെപ്യൂട്ടേഷനിൽ നിയമിച്ചിരുന്നു. നിലവിൽ ഒരാൾ മാത്രമേ തുടരുന്നുള്ളു.

സി-ഡിറ്റ് ആരംഭിച്ച ഇൻഫർമേഷൻ കേരളാ മിഷൻ പ്രോജക്ടിൽ പത്തുപേരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(ഇ) പോലീസ് വകുപ്പിൽ നിന്നും രണ്ടുപേരെ ഡെപ്യൂട്ടേഷൻ വ്യവ സ്ഥയിൽ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) (1) ശ്രീ. കെ. നടേശൻ അശാരി
സീനിയർ സൂപ്രണ്ട്
ശംമ്പളം 10,,035/ -രൂപ
(2) ശ്രീ. എം.ആർ. നന്ദകുമാർ,
റിസർവ് ഇൻസ്പെക്ടർ
ശംമ്പളം - 8,255 രൂപ

(ജി) ശ്രീ. നടേശൻ ആശാരി ശംമ്പളം - 10,535/
ശ്രീ. എം.ആർ. നന്ദകുമാർ
ശംപളം - 11,620/

121 (645) തിരുവനന്തപുരം മൃഗശാലയിൽ എത്തിയ പുതിയ മൃഗങ്ങൾ

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിൽ കഴിഞ്ഞ നാലു വർഷത്തിനിടയിൽ ഏതെല്ലാം മൃഗങ്ങളെ പുതുതായി കൊണ്ടുവന്നിട്ടുണ്ട്;

(ബി) ഈ കാലയളവിൽ ഏതൊക്കെ മൃഗങ്ങൾ മരണമടഞ്ഞു;

(സി) ഇവയുടെ മരണകാരണം വെളിപ്പെടുത്തുമോ;

(ഡി) ഇവ മരിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ? ഇല്ലെങ്കിൽ ഇതേക്കുറിച്ച് വിദഗ്ധരെക്കൊണ്ട് അന്വേഷണം നത്തുമോ?

ഉത്തരം

(എ) കഴിഞ്ഞ നാലു വർഷത്തിനിടയിൽ പുതുതായി മൃഗങ്ങളെ ഒന്നും കൊണ്ടുവന്നിട്ടില്ല.

(ബി)&(സി) കഴിഞ്ഞ നാലു വർഷങ്ങളിൽ തിരുവനന്തപുരം മൃഗശാലയിൽ മരണമടഞ്ഞ മൃഗങ്ങളുടെ എണ്ണവും അവയുടെ മരണ കാരണവും അനുബന്ധമായി വച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം മൃഗശാലയിലെ മൃഗങ്ങളുടെ ആരോഗ്യ പരിപാലനത്തെപ്പറ്റിയും മൃഗങ്ങളുടെ മരണത്തെപ്പറ്റിയും ചില പത്രവാർത്തകൾ വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ മൃഗശാല യുടെ നടത്തിപ്പ്. മൃഗങ്ങളുടെ സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൻമേൽ ഒരു വിദഗ്ധാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ്ലൈഫ്) നെ നിയോഗിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്.

122 (646) തൃപ്പൂണിത്തുറയിൽ സ്ഥാപിക്കാനുദ്ദേശിച്ച സ്പെയിസ് തീയേറ്റർ

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly